# DIGITAL MAGAZINE




# GHSS PALAYAD

# EDITORIAL BOARD

1.RIZWANA .E (EDITOR)
2  DEVIKA.T (SUB EDITOR)
3. NAHMA .N
4.DINIYA.M
5.ANAMIKA.A
6.PRIYAMVADA KIRALI
7.RAFNARAFEEK
8.ALAPANA.K
9.ANIRUDH.K
10.FATHIMATHUL FIDHA K.V
11.AJANYA.M
12.RISHAL
13.AMRUTHA  VINOD
14.ABHINASH
15.HIBA FATHIMA.P

റംഷിദ.വി.വി

# ആകാശത്തെ നിഴൽ നാടകം

ആകാശത്ത് വിസ്മയ കാഴ്ച്ചയൊരുക്കി ഡിസംബർ 26 ന് വലയസൂര്യഗ്രഹണം
ദൃശ്യമായി.വടക്കൻ കേരളത്തിൽ പൂർണ്ണ വലയഗ്രഹണവും മറ്റ് ജില്ലകളിൽ ഭാഗിക
ഗ്രഹണവും കാണാനായി.ചന്ദ്രൻ സൂര്യനെ മറയ്ക്കുമ്പോൾ സൂര്യബിംബം കാണാനായത്
വലിയൊരു വളയുടെ രൂപത്തിലാണ്.ഒമ്പത് വർഷത്തിന് ശേഷം ഈ
നൂറ്റാണ്ടിലെ രണ്ടാമത്തെ സൂര്യഗ്രഹണമായിരുന്നു ഇത്.ഗ്രഹണത്തെ പോലെ നാം കാണുന്ന ആകാശപ്രതിഭാസങ്ങളാണ് വെളുത്തവാവും
കറുത്തവാവും.ഇതിലും സൂര്യനും ചന്ദ്രനും
ഭൂമിയും ഉൾപ്പെടുന്നു.ചന്ദ്രബിംബത്തിൻെറ പകുതിയോളം സൂര്യൻ പ്രകാശിക്കുന്നത്
പൂർണ്ണമായി നാം കാണുന്ന ദിവസം വെളുത്തവാവും ഒട്ടും തന്നെ
കാണാൻ കഴിയാത്ത ദിവസം കറുത്തവാവുമാണ്.



ഫാത്തിമത്തുൽ ഫിദ കെ വി

# അഹങ്കാരികളായ കുട്ടികൾ

ജൂൺ 1 സ്കൂൾ തുറക്കുന്ന ദിവസം. അവൻ വേഗം ഒരുങ്ങി സ്കൂളിലേക്ക് പോയി. അവൻ്റ മുഖത്ത് ഒരു ചെറിയ പുഞ്ചിരി വിടർന്നു. അവൻ സ്കൂളിലേക്ക് നടന്നു പോവുകയാണ്. അവനിനി പഠിക്കുന്നത് എട്ടാം ക്ലാസിലാണ് അതിൻ്റ അഹങ്കാരം അവൻ്റ മുഖത്തുണ്ടായിരുന്നു. അവൻ സ്കൂളിൽ എത്തി. പുതിയ സ്കൂൾ.പുതിയ ചങ്ങാതിമാർ. അവൻ ക്ലാസിൽ വന്നിരുന്നു. അങ്ങനെ അവന് കുറേ ചങ്ങാതിമാരെ കിട്ടി. അങ്ങനെ അവൻ വളർന്നു വന്നു.

അവൻ നല്ല പഠിക്കാൻ കഴിവുള്ള കുട്ടിയായിരുന്നു. അവൻ്റ ചീത്തക്കൂട്ടുകെട്ടുകാരണം അവൻ പഠിപ്പിൽ നിന്ന് പുതിയ വഴികളിൽ നീങ്ങി. അവൻ്റ അച്ചനും അമ്മയും ഒരു മകനായതുകൊണ്ടു തന്നെ അവർ അവനെ ലാളിച്ചായിരുന്നു വളർത്തിയത്. അങ്ങനെ അവൻ്റ പരീക്ഷയുടെ ദിവസം വന്നു. പരീക്ഷയൊക്കെ കഴിഞ്ഞ് ക്ലാസിൽ നിന്നും പേപ്പർ കൊടുത്തു. ആദ്യം എല്ലാ വിഷയത്തിലും മുൻപിലായിരുന്ന അവൻ ഇപ്പോൾ എല്ലാ വിഷയത്തിലും തോറ്റിരിക്കുന്നു. അങ്ങനെ അവരുടെ റിസൾട്ട് വന്നു. അവൻ തോറ്റു. ഇത് അവൻെറ അച്ഛനും അമ്മയും  സഹിക്കാനായില്ല. ഇത് നാട് ഒട്ടാകെ പരന്നു.അവൻ ചീത്ത കൂട്ടുകെട്ട് കാരണമാണ് തോറ്റുപോയത്.അങ്ങനെഅവന് നാട്ടിൽ തലയുയർത്തി നടക്കാൻ കഴിഞ്ഞില്ല.അങ്ങനെ അവൻ അവൻെറ ജീവിതം ഒരു തുക്ക് കയറിൽ  അവസാനിപ്പിച്ചു.അവൻെറ മരണത്തോടെ അവൻെറ അമ്മയുടെ ജീവിതവും ഇല്ലാതായി.

ഫാത്തിമ സെൻഹ

## അഹങ്കാരിയായ റോസാപ്പൂവ്

ഒരു കൊട്ടാരത്തിൽ വലിയ പൂന്തോട്ടമുണ്ടായിരുന്നു. പല നിറങ്ങളിലും ആകൃതിയിലുമുള്ള പൂക്കൾ.ആരുടെയും കണ്ണുകൾ മഞ്ഞളിച്ചു പോവുന്ന സുന്ദരമായ പൂക്കൾ.ആ പൂന്തോട്ടത്തിൽ ഒരു സുന്ദരിയായ ഒരു റോസാപ്പൂ ഉണ്ടായിരുന്നു.കൊട്ടാരത്തിലെ രാജകുമാരിക്ക് മറ്റു പൂക്കളേക്കാൾ പ്രിയം ആ  റോസാപ്പൂവിനോടായിരുന്നു.രാജകുമാരി എന്നും പൂങ്കാവനത്തിൽ വന്ന് ആ പൂവിനെ പരിപാലിക്കുകയും സ്നേഹിക്കുകയും ചെയ്യുമായിരുന്നു.


“എൻെറ കുഞ്ഞു പനിനീർപ്പൂവേ നിന്നെ കാണാൻ എന്തു ഭംഗിയാണ്”ഇതു കേൾക്കുമ്പോൾ റോസാപ്പൂവിന് അത്യധികമായ സന്തോഷവും അതിലുപരി അഹങ്കാരവും കൂടിയുരുന്നു.അവൾ മറ്റുപൂക്കളെ തരംതാഴ്ത്തുകയും തൻെറ സൗന്ദര്യത്തെക്കുറിച്ച് ആവോളം പുകഴ്ത്തുകഴും ചെയ്തു.ഒരിക്കൽ ആ പൂങ്കാവനത്തിൽ ഒരു വിചിത്രമായ വണ്ട് വന്നു.ആ വണ്ടിനെ കാണാൻ തീരെ ഭംഗി ഇല്ലാത്തതിനാൽ റോസാപ്പൂവ് വണ്ടിനെ ഒരുപാട് കളിയാക്കി.വണ്ടിന് അത് ഏറെ വിഷമമുണ്ടാക്കി.വണ്ട് തൻെറ വിഷമങ്ങൾ സുഹൃത്തായ കരിവണ്ടിനോട് പറഞ്ഞു.അവളെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചു.വണ്ടിൻെറ അഭ്യർത്ഥന മാനിച്ച് കരിവണ്ട് അവളെ സഹായിക്കാം എന്ന് സമ്മതിച്ചു.

ഒരിക്കൽ കരിവണ്ട് റോസാപ്പൂവിൻെറ അടുത്ത് വന്നു എന്നിട്ട് അവളുടെ ഇതളുകൾ കാർന്നു തിന്നു.അതോടെ അവളുടെ ഭംഗി ഇല്ലാതായി.രാജകുമാരി ഒരു നാൾ പൂങ്കാവനത്തിൽ വന്നപ്പോൾ റോസാപ്പൂവിനെക്കണ്ട് മുഖം തിരിച്ച് കളഞ്ഞു.
അത് അവളെ ഒരുപാട് വേദനിപ്പിച്ചു.രാജകുമാരി മറ്റു പൂക്കളെ സ്നേഹിച്ചു.അതോടെ റോസാപ്പൂവിൻെറ അഹങ്കാരം അവസാനിച്ചു.

അവൾ മറ്റു പൂക്കളോട് ക്ഷമ പറഞ്ഞു.പിന്നീട് അവൾ എല്ലാവരുടെയും കൂട്ടുകാരിയായി.



റിസ്വാന.ഇ



# അലയടിക്കുന്ന വാക്കുകൾ

ജനുവരി 12. ദേശീയ യുവജന ദിനം.മതത്തിനതീതമായി മനുഷ്യനെ കണ്ട സ്വാമി വിവേകാന്ദൻ സാമൂഹ്യപരിവർത്തനത്തിനാണ് ഊന്നൽ നൽകിയത്.വിവേകാന്ദൻെറ ജന്മദിനമാണ് ദേശീയ യുവജനദിനമായി ആഘോഷിക്കുന്നത്."എല്ലാ മതങ്ങളും സത്യമാണ്.വിഭിന്ന മതങ്ങൾ തമ്മിൽ യഥാർത്ഥത്തിൽ ഒരു വ്യത്യാസവുമില്ല.ഒരു തോട്ടത്തിലെ പല പൂക്കൾ തമ്മിലെന്നപോലെയുള്ള വ്യത്യാസമേ ഉള്ളൂ...." ചരിത്രപ്രസിദ്ധമായ ഈ വാക്കുകൾ വിവേകാനന്ദൻേറതാണ്.

ദേശീയ ബോധം ആളിക്കത്തുന്നവയായിരുന്നു .അദ്ദേഹത്തിൻെറ മിക്കപ്രസംഗങ്ങളും. ആഹാരമില്ലാത്തവരും വസ്ത്രമില്ലാത്തവരുമായ ജനകോടികൾ അധിവസിക്കുന്ന ഇന്ത്യയെ തിരിച്ചറിഞ്ഞ വിവേകാനന്ദൻ ഇങ്ങനെ പറഞ്ഞു. "ജനങ്ങളെ സ്വന്തം കാലിൽ നിൽ ക്കാൻ സഹായിക്കുകയാണ് ആദ്യം വേണ്ടത്." അവരുടെ ആന്തരികമായ ശക്തി ഉയർത്തിയാലെ ഇത് സാധിക്കുകയുള്ളൂ. അവർ നല്ല ഭക്ഷണം കഴിച്ചും നല്ല വസ്ത്രം ധരിച്ചും ജീവിതസുഖം നന്നായി ആസ്വദിച്ചും പരിചയിക്കട്ടെ. അപ്പോൾ നമുക്ക് ഈ ഉല്ലാസ ജീവിതത്തിൻെ്റ ബന്ധനത്തിൽ നിന്നുള്ള മോചനത്തെപ്പറ്റി പറയാം. ജാതിവ്യവസ്ഥയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തിവാണിരുന്ന കേരളത്തെ അദ്ദേഹം ഹൃദയം നൊന്ത് ഭ്രാന്താലയം എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ദൈന്യതയിൽ നിന്നും അടിമത്തത്തിൽ നിന്നും വിമോചനം നേടുന്നതിന് ജനങ്ങളെ സജ്ജരാക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെ്റ പ്രവർത്തനലക്ഷ്യം.

നന്ദന പ്രദീപ്

# അമ്മ

മക്കളായി നാലുപേരുണ്ടെങ്കിലും
അമ്മ ഏകയാണ് ഏകയാണ് ഊഴിയിൽ
അച്ഛൻ മറഞ്ഞൊരു കാലംമുതൽ
അമ്മ ഭാരമായ് തീർന്നുവോ നാലുപേർക്കും
നാലുഴി മണ്ണും പകുത്തെടുത്ത് മക്കൾ
നാലുവഴിക്കായി പിരിഞ്ഞ് പോയി
അച്ഛൻെറ ആത്മാവുറങ്ങുന്നന്തിത്തിരി
കൺ തുറന്നതേയില്ല
പ്രതീക്ഷയായ് വന്ന് പൂകിയാലും
തീരുമോ മക്കളെ നിങ്ങളെ പോറ്റിയ
പെറ്റവയറിൻെറ തീരാക്കടം



അതീത വി.വി

# ദിനോസറുകൾ വലയ ഗ്രഹണം കണ്ടിരുന്നോ?

ഏകദേശം 20 കോടി വർഷങ്ങൾക്ക് മുമ്പാണ് ദിനോസറുകൾ ഭൂമിയിൽ വാണിരുന്നത്.ചന്ദ്രൻെറ വലുപ്പത്തിൽ ഏകദേശം 400 മടങ്ങാണ് സൂര്യൻെറ വലുപ്പം.ഭൂമിയിൽ നിന്നും ചന്ദ്രനിലേക്കുള്ള ദൂരത്തിൻെറ 400 മടങ്ങ് ദൂരത്താണ് സൂര്യൻ.അതിനാലാണ് ചന്ദ്രൻെറയും സൂര്യൻെ റയും പ്രത്യക്ഷ വലുപ്പം ഏകദേശം ഒരുപോലെയായിരിക്കുന്നതും നമുക്ക് ഗ്രഹണം കാണാനാവുന്നതും.ചന്ദ്രൻ ഓരോ വർഷവും ഭൂമിയിൽനിന്നും 3.8 സെ.മീ അകലുകയാണ്.ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഇത് 2.5 സെ.മീറ്ററിനടുത്തായിരുന്നു.ഇപ്പോൾ ചന്ദ്രൻ ഭൂമിയുടെ 3,84,000 കി.മീ അടുത്താണ്.ചന്ദ്രൻെറ ഉപരിതലം പർവ്വതങ്ങളും താഴ്വരകളും നിറഞ്ഞതാണ്.ചന്ദ്രൻ സൂര്യനെ പൂർണ്ണമായും മറക്കുന്നതിന് മുമ്പ് സൂര്യപ്രകാശംഈ താഴ്വരകളിലൂടെ കടന്നു വരാറുണ്ട്.അത് നമുക്ക് കാണാൻ കഴിയുന്നു.



ഫാത്തിമത്തുൽ ഫിദ

# എൻെറ വിദ്യാലയം

കൂട്ടരേ നോക്കുവിൻ കൺകുളിർക്കേ
എൻെറ സ്നേഹം വിളമ്പുന്ന വിദ്യാലയം
നല്ല നിറം പിന്നെ നല്ല മണം
നല്ല ഗുണമുള്ള പുഷ്പങ്ങളും
ജാതി മത ഭേദമില്ലാതെ
പാറിപ്പറക്കുന്ന പൂമ്പാറ്റകൾ
വിദ്യാർത്ഥികൾ ഞങ്ങൾ
വിജ്ഞാനികൾ ഞങ്ങൾ
വിശ്വാസത്തിൽ നന്മ വിതച്ചിടുന്നു



അനിരുദ്ധ്.കെ.

# മാനത്തെ മാവ്

മാനത്തെ മാവുകളാകെ
പൂങ്കുലകളണിഞ്ഞിടുമ്പോൾ
മാനത്തെ മാവിനെ കാണാൻ
തിളങ്ങുന്ന നക്ഷത്രം പോലാണ്
സ്വർഗ്ഗമെന്ന മാമ്പഴ ലോകം
ഉണങ്ങിയ മാവാവുമ്പോൾ
സ്വർഗ്ഗത്തെ ചുറ്റിക്കാണാനായി
മാമ്പഴ ദേവത എത്തീടും കാലം.



റഫ്ന റഫീഖ്.വി

# മാറോട് ചേർക്കാം പ്രകൃതിയെ

നമ്മുടെപ്രകൃതിപദുരന്തങ്ങളു0 അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുദാഹരണമാണ് കഴിഞ്ഞ വർഷങ്ങളിലായി നമ്മൾ അനുഭവിച്ച പ്രളയം .ഇതിനു മുഖ്യ കാരണം നമ്മൾ മനുഷ്യർ തന്നെയാണ്. പ്രകൃതിയെ നാം പലതരത്തിലും ചൂഷണം ചെയ്യുന്നുണ്ട്. അതിന് തിരിച്ചടിയായിപലപ്രകൃതിദുരന്തങ്ങളുംനടക്കുന്നുണ്ട്.പ്രകൃതിദുരന്തങ്ങളിൽ പലവിധ നാശനഷ്ടങ്ങളും നമ്മുക്ക് ഉണ്ടാകാറുണ്ട്. പ്രകൃതിയെ സംരക്ഷിക്കേണ്ടത്താം ഓരോരുത്തരുടെയും കടമയാണ്. പ്രകൃതിയെ മനോഹരമാക്കുന്ന പുഴകളും മരങ്ങളും കുന്നുകളും നമ്മൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.
പുഴകളിൽനിന്ന് മണൽ വാരിയും മരങ്ങൾ വെട്ടിമാറ്റിയും കുന്നിടിച്ചും നമ്മൾ പ്രകൃതിയെ നശിപ്പിക്കുന്നു. ഒരു മരം മുറിച്ചാൽ പത്ത് തൈ നടണമെന്നാണ്. ഇങ്ങനെ ചെയ്യുന്നതിലൂടെ നമ്മുക്ക് പ്രകൃതിയോടുള്ള കടമ നിറവേറ്റാനാകും.നാം പ്രകൃതിയെ സംരക്ഷിക്കുന്തോറും പ്രളയം പോലുള്ള പല ദുരന്തങ്ങളെയും അകറ്റി നിർത്താനാകും.അതിനാൽ പ്രകൃതിയെ നമുക്ക് സംരക്ഷിക്കാം.പ്രകൃതി നമ്മുടെ അമ്മയാണ്. അതുകൊണ്ട് അമ്മയെ സ്നേഹിക്കുന്നത് പോലെ പ്രകൃതിയെയും സ്നേഹിക്കുക.



റിഫാന

# ഞാൻ പാപിയാണെ

സമയം ഏതാണ്ട് ഒരു 12 മണിയായിക്കാണും. ട്രെയിൻ വന്നു ചേരാൻ സമയം ഒരുപാട് വൈകിയിരുന്നു. നല്ല യാത്രാ ക്ഷീണമുണ്ട്. അവിടെ ഇരിക്കുന്ന ഒരാളോട്
ചോദിച്ചപ്പോളാണ് മനസ്സിലായത് ഇവിടുന്ന് ഏതാണ്ട് 1 കി.മീ. നടന്നാൽ ഒരു ഹോട്ടലുണ്ടെന്ന്. ഞാൻ ഒന്നും ആലോചിക്കാതെ ഹോട്ടൽ ലക്ഷ്യമാക്കി നടന്നു
ഏതാണ്ടങ് എത്തിയപ്പോൾ തന്നെ റോഡിലെ തെരുവുവിളക്കുകളുടെ എണ്ണം കുറഞ്ഞു വന്നു തുടങ്ങി. കുറച്ചുകൂടി കഴിഞ്ഞപ്പോൾ അന്ധകാരം എന്നെ എന്നന്നേക്കുമായി മൂടിക്കഴിഞ്ഞു. ഞാൻ ഫോൺ എടുത്തു. എന്റെ കഷ്ടകാലം എന്ന് പറയട്ടെ ഒട്ടും ചാർജില്ല. നിലാവിന്റെ നേരിയ വെളിച്ചത്തിൽ ഞാൻ ഒന്നും തിരിയാതെ നടന്നു. കുറച്ചുകൂടി നടന്നപ്പോൾ ഒരു ചെറുവെളിച്ചം എന്റെ കണ്ണിലേക്ക് അടിച്ചു കയറി. ഞാൻ ആ വെളിച്ചത്തെ ലക്ഷ്യമാക്കി നടന്നു. അതാ അവിടെ ഒരു കുടിൽ. കുടിൽ അടുക്കുംതോറും കുടിലിൽ നിന്ന് ഒരു കുഞ്ഞ് കരയുന്ന തിന്റെ ശബ്ദം കേട്ടു. ഞാൻ കുടിലിന്റെ വാതിലിൽ മുട്ടി. ഒരു സ്ത്രീയുടെ വസ്ത്രങ്ങളൊക്കെയും മുഷിഞ്ഞതുമായിരുന്നു. ഞാൻ ആ സ്ത്രീയോട് നടന്ന കാര്യങ്ങൾ പറഞ്ഞു. സ്ത്രീ എന്നെ അകത്തേക്ക് ക്ഷണിച്ചു. ഞാൻ അകത്തു കയറി .
ഒരു മുറിയുള്ള ചെറ്റക്കുര എന്ന് അതിനെ പറയാം. ആ സ്ത്രീ എനിക്ക് കിടക്കാൻ പായയും പുതക്കാൻ ഒരു പുതപ്പും തന്നു. എനിക്ക് നല്ല വിശപ്പുണ്ടെന്ന് മനസ്സിലാക്കിയ സ്ത്രീ എനിക്ക് കുറച്ച്പാൽകഞ്ഞി തന്നു. ഞാൻ അതു കുടിച്ചു, സുഖമായി കിടന്നുറങ്ങി. രാവിലെ സൂര്യ കിരണങ്ങൾ

മുഖത്തു പതിച്ചതോടെയാണ് ഞാൻ എഴുന്നേറ്റത്. ആ സ്ത്രീ ഇന്നലെ കണ്ടതിനെക്കാളും ക്ഷീണിച്ചിരിക്കുന്നു. കുഞ്ഞിന്റെ ശബ്ദവും കേൾക്കുന്നില്ല. ഞാൻ ആ സ്ത്രീയോട് യാത്രപറഞ്ഞ് നടന്നകന്നു. കുറച്ചു കൂടെ നടന്നപ്പോഴാണ് ഓർമ വന്നത് എന്റെ ഫോൺ ആ വീട്ടിലാണ് ഞൻ ആ വീട് ലക്ഷ്യമാക്കി നടന്നു. പെട്ടെന്നു ഞാൻ അംമ്പരന്നു പോയി. ആ വീടിനു ചുറ്റും കുറേ ആളുകൾ. ഞാൻ അവിടെ നിന്നിരുന്ന
ഒരു സ്ത്രീയോട് കാര്യം അന്വേഷിച്ചു. കാര്യം കേട്ടപ്പോൾ എന്റെ കാൽ മുതൽ തല വരെ തരിച്ചുപോയി. ആ സ്ത്രീയും അവരുടെ ആറു മാസം പ്രായമുള്ള കുഞ്ഞും മരിച്ചിരിക്കുന്നു. കുഞ്ഞ് ഇന്നലെ രാത്രിയോടെയാണ് മരിച്ചത്. അതിലും എന്നെ വേദനിപ്പിച്ചത് അവർ മരിക്കാനിടയായ കാരണമാണ്. ഒരാഴ്ചയായി അവർ എന്തെൻകിലും കഴിച്ചിട്ട്. ഇന്നലെ ആദ്യമായി ഒരു നുള്ള് കഞ്ഞി എവിടെയോ വച്ച് കിട്ടിയതാണ്. അവർ അത് എനിക്ക് തന്നു. ഞാനൊന്ന് പതറി. ആരൊക്കെയോ എന്നെ വിളിച്ചുണർത്തിയത് പോലെ. ചേട്ടാ, ഒന്നു മാറി നിൽക്കാമോ. ഞാൻ തിരിഞ്ഞു നോക്കുമ്പോൾ വെള്ളയിൽ പൊതിഞ്ഞ ആ സ്ത്രീയെയും കുഞ്ഞിനെയും കൊണ്ട് വരുന്നു. ഞാൻ വിചാരിച്ചു ദൈവമേ ഞാൻ പാപിയാണേ...

നന്ദിത.പി

# ഒരു ഭീകര ജീവി

ഒരിടത്ത് ചാർലി എന്ന പേരുള്ള ഒരു കപ്പൽ വ്യാപാരി ഉണ്ടായിരുന്നു. അദ്ധേഹത്തിന് മൂന്ന് പെൺമക്കൾ ഉണ്ടായിരുന്നു.അദ്ധേഹത്തിൻെറ ഭാര്യ മരിച്ചു

പോയിരുന്നു.ഒന്നാമത്തെ മകളുടെ പേര് ലന എന്നും രണ്ടാമത്തെ മകളുടെ പേര്

ലിയ എന്നും മൂന്നാമത്തെ മകളുടെ പേര് ലാൻസിയ എന്നുമായിരുന്നു.ഇവർ മൂവരുമായിരുന്നു അച്ഛൻ ജോലിക്കു പോയാൽ വീട്ടുകാര്യങ്ങൾ നോക്കിയിരുന്നത്.

ഇവരുടെ വീട്ടിൽ പൂസി എന്ന പൂച്ചക്കുട്ടി ഉണ്ടായിരുന്നു.ഒരു ദിവസം ചാർ ലി കപ്പൽ വ്യാപാരത്തിനായി പോയി.നല്ല കാറ്റും മഴയും കാരണം അദ്ധേഹത്തിൻെറകപ്പൽ മുങ്ങി.മറ്റുള്ളവർ നീന്തി രക്ഷപ്പെട്ടു.എന്നാൽ ചാർലിക്ക് നീന്തിയ വഴി തെറ്റി.അദ്ധേഹം കൂടെയുള്ള ആരെയും കണ്ടില്ല.അദ്ധേഹം അങ്ങ് ദൂരെ ഒരു കര കണ്ടു.അവിടെത്തേക്ക് ലക്ഷ്യം വച്ച് നീന്തി അദ്ധേഹം കരയിലെത്തി.

കരയിൽ നല്ല ഭംഗിയുള്ള കൊട്ടാരം.നിറയെ നല്ല ചുവന്ന് തുടുത്ത റോസാപ്പൂക്കൾ.

അദ്ദേഹം പതിയെ പതിയെ അവിടത്തേക്ക് നടന്നു.കൊട്ടാരത്തിൻെറ അകത്തേക്ക്

പ്രവേശിച്ചു.അവിടെ മേശ നിറയെ ഭക്ഷണങ്ങളായിരുന്നു.അദ്ധേഹത്തിന് നല്ല വിശപ്പുണ്ടായിരുന്നു.അദ്ധേഹം അതെല്ലാം ആവശ്യത്തിന് കഴിച്ച് അവിടെ തന്നെ കിടന്നുറങ്ങി.നേരം പുലർന്നു.ജനലിനിടയിലുള്ള വിടവിലൂടെ അദ്ധേഹത്തിൻെറ മുഖത്ത് സൂര്യകിരണങ്ങൾ

പതിഞ്ഞു.അദ്ധേഹം പതുക്കെ എഴുന്നേറ്റു.ചുറ്റിലും നോക്കി.ആരെയും കാണാനില്ല.അദ്ധേഹം കയറിയ വാതിൽ പൂട്ടിക്കിടക്കുന്നു.അത് തുറക്കാൻ എത്ര ശ്രമിച്ചിട്ടും തുറക്കാനായില്ല.അദ്ധേഹം സങ്കടത്തോടെ അവിടെ ഇരുന്നു.പെട്ടെന്ന് കൊട്ടാരത്തിന്റെ അകത്തു നിന്ന് ഒരു ഭീകര ജീവിയുടെ ശബ്ദം അദ്ധേഹം കേട്ടു.അത് കൊട്ടാരത്തിന്റെ ചുമരിൽ തട്ടി പ്രതിഫലിച്ചു.അദ്ധേഹം ഭയന്നു വിറച്ചു.അദ്ധേഹം തിരിഞ്ഞ് നോക്കുമ്പോൾ ഒരു വലിയ ഭീകര ജീവി.അത് ചാർലിയോട്
നീയെന്തിനാ ഇവിടെ വന്നത് എന്ന് ചോദിച്ചു.ചാർലി നടന്നതെല്ലാം പറ ഞ്ഞു.ആ ഭീകര ജീവി ഒരു കരടിയായിരുന്നു.അപ്പോൾ കരടി പറ ഞ്ഞു.നിന്റെ സങ്കടം എനിക്കു മനസ്സിലായി.നിന്നെ ഞാൻ വെറുതെ വിടാം.പക്ഷെ നീ എനിക്ക് ഒരു ഉപകാരം ചെയ്യണം.ചാർലി പറഞ്ഞു അങ്ങയ്ക്ക് എന്തുപകാരമാണ് ഞാൻ ചെയ്യേണ്ടത്.പറഞ്ഞാലും, ആ ഭീകരജീവി പറഞ്ഞു.നീ വീട്ടിലെത്തിയാൽ ആരെയാണോ ആദ്യം കാണുന്നത് അവരെ എന്റെ അടുത്തേക്ക് പറഞ്ഞുവിടണം.ചാർലി വീട്ടിലെത്തിയാൽ ആദ്യം അവന്റെ മുന്നിൽ വരുന്നത് അദ്ദേഹത്തിന്റെ വീട്ടിലെ പൂസി എന്ന പൂച്ച ആയതിനാൽ അദ്ദേഹം ആശ്വസിച്ചു. ആ ഭീകര ജീവിയോട് ചാർലി പറഞ്ഞു എന്നാൽ ഞാൻ അങ്ങനെ ചെയ്യാം .അദ്ദേഹം വീട്ടിലെത്തിയപ്പോൾ ആദ്യം മുന്നിൽ വന്നത് അദ്ദേഹത്തിന്റെ മൂന്നാമത്തെ മകളായ ലാൻസിയയെ ആണ്.അദ്ദേഹം വളരെ സങ്കടത്തോടെ മകളോട് കാര്യം പറഞ്ഞു.അപ്പോൾ ലാൻസിയ ഞാൻ ഇന്ന് തന്നെ പോവാമെന്ന് പറഞ്ഞു.അങ്ങനെ അവൾ അവിടെ പോയി.അവിടെയുള്ള പ്രകൃതി ഭംഗി കണ്ട് അത്ഭുതപ്പെട്ടു.ലാൻസിയ നല്ല സുന്ദരിയാണ്.പെട്ടെന്ന് അവളുടെ ചുമലിൽ ആരോ കൈവച്ചു.അവൾ തിരിഞ്ഞ് നോക്കിയപ്പോൾ അത് ഒരു ഭീകരജീവിയായിരുന്നു.അവൾ അതിനെ കണ്ട് ഭയന്നു വിറച്ചു.അപ്പോൾ ആ ഭീകരജീവി അവളോട് നീ

ഭയപ്പെടേണ്ട ഞാൻ നിന്നെ ഒന്നും ചെയ്യില്ല എന്ന പറഞ്ഞു.എന്നിട്ട് ആ ഭീകരജീവി അവളുടെ കഴുത്തിൽ ഒരു വൈരത്തിൻെറ മാലയിട്ടു.പെട്ടെന്ന് ആ ഭീകരജീവി നല്ല സുന്ദരനായ രാജകുമാരനായി മാറി.ആ സുന്ദരനായ രാജകുമാരൻ ലാൻസിയയോട് എന്നെ പണ്ട് ഒരു വൃദ്ധൻ ശപിച്ചതാണ്.ഇനി നീ ഒരു പെണ്ണിൻെറ കഴുത്തിൽ മാലയിട്ടാലാൽ മാത്രമേ ഒരു മനുഷ്യരൂപത്തിലാവുകയുള്ളൂ എന്ന് പറഞ്ഞു.അങ്ങനെ ആ സുന്ദരനായ രാജകുമാരനും ലാൻസിയയും വിവാഹിതരായി.എന്നിട്ട് അവൾ അവളുടെ അച്ഛൻെറ അടുത്ത് പോയി നടന്ന എല്ലാ കാര്യങ്ങളും പറഞ്ഞു.അതുകേട്ട് ചാർലിക്ക് വളരെ അധികം സന്തോഷമായി.തിരികെ അവർ കൊട്ടാരത്തിലേക്ക് തന്നെ മടങ്ങി.



# ശ്രീ അണ്ടലൂർ കാവ്

ധർമ്മടം ഗ്രാമത്തിലെ അണ്ടല്ലൂരിൽ സ്ഥിതി ചെയ്യുന്ന പ്രശസ്തമായ ഒരു കാവാണ് അണ്ടല്ലൂർ കാവ്. അണ്ടല്ലൂർ ക്ഷേത്രത്തിൽ രണ്ട് കാവുകളുണ്ട്. മേലെക്കാവും താഴേക്കാവും. അണ്ടല്ലൂർ കാവിൽ രാമായണ കഥയെ ആസ്പദമാക്കിയുള്ള കളിയാട്ടമാണ് നടക്കുന്നത്. രാമനും, ലക്ഷ്മണനും, ഹനുമാനും യഥാക്രമം ദൈവത്താർ അങ്കക്കാരൻ ബപ്പൂരൻ എന്നീ വേഷങ്ങളിൽ കെട്ടിയാടപ്പെടുന്നു. മൂവരും ഒരുമിച്ചാണ് കോലം കെട്ടി യാടുന്നത്. കുംഭ മാസം നാലാം തീയതി കെട്ടിയാടൽ ആരംഭിക്കും. കോലം കെട്ടുന്നത് പെരുനണ്ണാൻ മുന്നൂറ്റാൻ എന്നീ സമുദായക്കാരാണ്.

മറവിയിലാണ്ട ചരിത്രത്തന്റെ താളുകളിൽ നിന്നും ഐതിഹ്യങ്ങളുടെ നിലവറകളിൽ നിന്നും ജനനം പ്രാപിച്ച വിചിത്രമായ ഒരു സംസ്കാരത്തിന്റെ നിറപ്പകിട്ടാർന്ന ദൃശ്യരൂപങ്ങൾ ആണ് ശ്രീ അണ്ടല്ലൂർ ക്ഷേത്രോൽസവത്തിലൂടെ പ്രകടമാകുന്നത്.

ശ്രീ പരശുരാമനാൽ നിർമ്മിക്കപ്പെട്ടു എന്നു വിശ്വസിക്കപ്പെടുന്ന ശ്രീ അണ്ടല്ലൂർ ക്ഷേത്ര ഉത്തര മലബാറിലെ പുണ്യപുരാതന ക്ഷേത്രങ്ങളിൽ ഒന്നാണ്. പൂകൾ പെറ്റ തെയ്യക്കെട്ടിയാട്ടങ്ങളുടെ ആരാധനാ കേന്ദ്രമാണ് ശ്രീ അണ്ടല്ലൂ ക്ഷേത്രം. ദൈവത്താർ,അങ്കക്കാരൻ, ബപ്പൂരൻ, അതിരാളിയും മക്കളും വേട്ടക്കൊരു മകൻ, ഇളംങ്കരുവനും പൂതാടിയും,മലക്കാരി ,പുതുച്ചേകോൻ, പൊൻ



മകൻ,നാക്കണ്ടൻ, നാപ്പോതി, ളുവക്കാലി, ചെറിയബപ്പൂരൻ എന്നീ തെയ്യങ്ങളാണ് അണ്ടല്ലൂക്കാവിൽ ആരാദിക്കപ്പെടുന്നത്.

റിസ്വാന.ഇ

## തെയ്യങ്ങളും അവയുടെ ഐതിഹ്യവും



ഉത്തരകേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാന കലകളിൽ ഒന്നാണ് തെയ്യം.നൃത്തം ചെയ്യുന്ന ദേവതാസങ്കൽപ്പമാണ് തെയ്യം.തെയ്യത്തിന്റെ നർത്തനം തെയ്യാട്ടം എന്നും തെയ്യത്തിന്റെ വേഷം തെയ്യക്കോലം എന്നും അറിയപ്പെടുന്നു. ദേവാരാധന നിറഞ്ഞ തെയ്യം കലയിൽ മന്ത്രപരമായ അനുഷ്ഠാനം,തന്ത്രപരമായ അനുഷ്ഠാനം,കർമപരമായ അനുഷ്ഠാനം,വ്രതപരമായ അനുഷ്ഠാനം എന്നിവ ഇടകലർന്ന് കാണുന്നു.

ഓരോ തെയ്യത്തിന്റെയും തുടക്കത്തിനുപിന്നിൽ അതതു ദേശവും കാലവും അനുസരിച്ച് വ്യത്യസ്ത ഐതിഹ്യങ്ങളുണ്ട്.ഇന്ത്യയിലെ പ്രാദേശിക ആചാരങ്ങളും അനുഷ്ഠാനങ്ങളും ബ്രാഹ്മണമേധാവിത്വമുള്ള ഹൈന്ദവസംസ്കാരത്തിന്റെ ഭാഗമാണെന്നു സ്ഥാപിച്ചെടുക്കാനുള്ള ശ്രമങ്ങൾ ആദി ശങ്കരാചാര്യരുടെ കാലം തൊട്ടു നടന്നിട്ടുണ്ട്.കേരളോൽപ്പത്തി പ്രകാരം പരശുരാമനാണ് കളിയാട്ടം, പുറവേല, ദേവിയാട്ടം എന്നിവ സൃഷ്ടിച്ചതെന്നാണ് ഐതിഹ്യം.

അദ്ദേഹം തെയ്യം കെട്ടാനുള്ള അനുവാദം പാണൻ,വേലൻ,വണ്ണാൻ എന്നീ ജാതികൾക്ക് കൽപ്പിച്ചു

കൊടുത്തു.ബ്രാഹ്മണന്മാരുടെ മേൽനോട്ടത്തിൽ ഈ ജാതിക്കാർ തെയ്യം രൂപപ്പെടുത്തുകയും വളർത്തി എടുക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തു. തെയ്യങ്ങളിലും അതിൻെറ ഐതിഹ്യങ്ങളിലും വൻ തോതിൽ ആര്യവൽക്കരണം നടന്നിട്ടുണ്ട്,കൂടാതെ കാവുകളുടെ പേരിൽ പോലും ഇന്ന് "ക്ഷേത്ര വൽക്കരണം "നടക്കുന്നു.



ദിനിയ

# വിഷമയം ഈ വായു

കഴിഞ്ഞ ദിവസങ്ങളിലെ പ്രധാന വാർത്തകളിലൊന്ന് ഡൽഹി നഗരത്തിലെ വായു മലിനീകരണത്തെക്കുറിച്ചായിരുന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ വായു മലിനീകരണമുള്ള നഗരമായി നമ്മുടെ രാജ്യ തലസ്ഥാനം മാറിയിരിക്കുന്നു.

അന്തരീക്ഷ മലിനീകരണത്തിന് കാരണങ്ങൾ പലതാണ്. ഫോസിൽ ഇന്ധനം കത്തുമ്പോൾ ഉണ്ടാകുന്ന മലിനീകരണമാണ് അതിലൊന്ന്. കൽക്കരി, പെട്രോളിയം എന്നിവയുടെ ഉപയോഗത്തിലൂടെ പല വിഷവാതകങ്ങളും പുറത്തേക്ക് വമിക്കുന്നുണ്ട്.

കൃഷി ആവശ്യങ്ങൾക്ക് കീടനാശിനികൾ തളിക്കുമ്പോൾ രാസവസ്തുക്കൾ വായുവിനെ മലിനമാക്കും. ഫാക്ടറികളിൽ നിന്നും വരുന്ന പുക അന്തരീക്ഷത്തെ വിഷമയമാക്കുന്നു. ആസിഡ് മഴയ്ക്കും പുക മഞ്ഞിനും കാരണമാകുന്ന സൾഫർഡയോക്സൈഡ് കാലാവസ്ഥാ വ്യതിയാനത്തിനും ആഗോളതാപനത്തിനും കാരണമാകുന്ന കാർബൺ ഡൈഓക്സൈഡ്,നൈട്രജൻ ഡൈഓക്സൈഡ് എന്നിവയെല്ലാം അന്തരീക്ഷം മലിനമാക്കുന്നു.



# അഹങ്കാരിയായ രാജകുമാരി

**ചന്ദന എം**

അനേകം വർഷങ്ങൾക്കുമുൻപ് ഒരു രാജ്യത്ത് ഒരു രാജാവും രാജ്ഞിയും ജീവിച്ചിരുന്നു. എല്ലാ സൗഭാഗ്യങ്ങളും ഉണ്ടായിരുന്നു. പ്രജകൾക്ക് വളരെ ഇഷ്ടമായിരുന്നു അവരെ. അന്നാലും ഒരു ദുഖം അവരെ അലട്ടുന്നുണ്ടായിരുന്നു. വിവാഹം കഴിഞ്ഞ് അനേകം വർഷമായിട്ടും അവർക്ക് കുഞ്ഞുങ്ങളില്ലായിരുന്നു. ഏറെ നാളത്തെ പ്രാർത്തനകൾക്കും കാത്തിരിപ്പിനുമൊടുവിൽ അവർക്ക് കുഞ്ഞുങ്ങളുണ്ടായി. അതും ഒരു സുന്ദരിയായ പെൺകുഞ്ഞ്. അവർ അവർ അവൾക്ക് ആലീസ് എന്ന് പേരിട്ടു. ചെറുപ്പം തൊട്ടെ എല്ലാ സൗഭാഗ്യങ്ങളും രാജാവിൻെറ ഏകമകളാണ് എന്ന പരിഗണനയും അവളെ അഹങ്കാരിയാക്കി. എന്ത് പ്രവർത്തി ചെയ്താലും അവൾ കുറ്റം മാത്രം കണ്ടെത്തി. അങ്ങനെ അവൾ ക്ക് വിവാഹപ്രായമെത്തി. ആലീസിനു വേണ്ടി രാജാവ് ഏറ്റവും സുന്ദരൻമാരായ രാജകുമാരൻമാരെ കൊണ്ടു വന്നു. അവരെയെല്ലാം അവൾ വേണ്ട എന്നു പറഞ്ഞു. ഒരു ദിവസം ഒരു സുന്ദരനായരാജകുമാരൻ വന്നു. ആലീസിന് രാജകുമാരനെ ഇഷ്ടമായെങ്കിലും ഊശാൻ താടി രാജാവ് എന്ന് അദ്ദേഹത്തെ പരിഹസിച്ചു. ഇതെല്ലാം കണ്ട് ആലീസിനോട് അവളുടെ അച്ഛൻ പറഞ്ഞു. നാളെ രാവിലെ ഈ കൊട്ടാരത്തിൽ ആദ്യം വരുന്ന പിച്ചക്കാരന് ഞാനെൻ്റ മകളെ വിവാഹം ചെയ്ത് കൊടുക്കും എന്ന് പറഞ്ഞു. ഇത് കേട്ട് ആലീസ് തളർ ന്ന് പോയി. അന്ന് രാത്രി അവൾ ഒരുപാട് കരഞ്ഞു. പറഞ്ഞതുപോലെ രാജാവ് മകളെ ഒരു പിച്ചക്കാരന് വിവാഹം ചെയ്ത് കൊടുത്തു. അവൾ

അയാളുടെ കൂടെ പോവേണ്ടിവന്നു. പോകുന്ന വഴിയിൽ വലിയ പ്രദേശങ്ങളും നെൽപ്പാടങ്ങളും കണ്ടു. ഇതൊക്കെ ആരുടേതാണെന്നന്ന് ചോദിച്ച ആലീസിനോട് നീ ഊശാൻ താടി എന്ന് പറഞ്ഞ് കളിയാക്കിയ രാജാവില്ലെ അദ്ദേഹത്തിൻ്റെതാണ് എന്ന് പറഞ്ഞു. ഒരു പഴയ കുടിലിലാണ് അവളെ ആ പിച്ചക്കാരൻ കൊണ്ടുപോയത്. അവൾ ക്ക് കൊട്ടാരത്തിൽ ഒരു ജോലി ശരിയാക്കി കൊടുത്തു. മൂന്നു മാസത്തിനു ശേഷം രാജാവും രാജ്ഞിയും കൊട്ടാരത്തിൽ വരുന്നുണ്ട്. എല്ലാ ജോലിക്കാർക്കും പുതിയ വസ്ത്രം കൊടുത്തു. ആലീസിനും കിട്ടി. അവൾ അതും ഇട്ട് കൊട്ടാരത്തിലെത്തി. അപ്പോൾ രാജകുമാരൻ അവളോട് പറഞ്ഞു ഞ്നാണ് നിൻ്റെ ഭർത്താവെന്ന്. അവൾ വിവാഹം ചെയ്ത പിച്ചക്കാരൻ യഥാർഥത്തിൽ ഊശാൻ താടി എന്ന് പറഞ്ഞ രാജാവായിരുന്നു. രാജാവ് ആലീസിനോട് പറഞ്ഞു ഏതെങ്കിലും പിതാവ് സ്വന്തം മകളേ ഒരു പിച്ചക്കാരന് വിവാഹം ചെയ്ത് കൊടുക്കുമോ? നിൻ്റെ അഹങ്കാരം കുറയ്ക്കാൻ വേണ്ടിയാണ് ഇങ്ങനെയൊക്കെ ചെയ്തത് എന്ന് പറഞ്ഞു .പിന്നീടുള്ള കാലം അവർ സന്തോഷത്തോടെ കഴിഞ്ഞു.


shutterstock.com • 1042894300

ഹിരൺമയി

# സൗഹൃദം

രണ്ട് സുഹൃത്തുക്കൾ. അവർ എന്നും എപ്പോഴും കൂടെയുണ്ടാ വും. ഒരിക്കലും വഴക്കിടില്ല ഒരിക്കലും പിണങ്ങില്ല. വളരെ സ്നേഹത്തിൽ ആയിരുന്നു. അവരുടെ പേര് അതിതി, അന്വയ എന്നാണ്. രണ്ടുപേരും ഒരുപോലെ പഠിക്കുന്നു. പാ ട്ടു പാടും നൃത്തം ചെയ്യും. അങ്ങനെ ഇവരിൽ ഒരാളായ അന്വയ ലീവായിരുന്നു. അതിതി ഒറ്റപ്പെട്ടതു പോലെ. സ്കൂൾ വിട്ട് വീട്ടിൽ പോയി. അവിടെ നിന്ന് അവളെ അതിതി വി ളിച്ചു. ഫോൺ സ്വിച്ച് ഓഫാണ്. അന്വയ നാളെ വരുമെന്ന് കരുതി അവൾ സമാധാനപ്പെട്ടു.

ദിവസം ഒന്നു കഴിഞ്ഞു. പതിവുപോലെ അവൾ വീണ്ടും സ്കൂളിൽ പോയി. അന്നും അന്വയ വന്നില്ല. അവൾ വീണ്ടും തനിച്ചായി. അങ്ങനെ ഒരു നേരം ക്ലാസിൽ  വന്ന് പ്യൂൺ മെമ്മോ  വായിച്ചു. അതിലുള്ള വാർത്ത അതിതിയെ ഞെട്ടിച്ചു. അവൾക്കത് താങ്ങാൻ കഴിഞ്ഞിരുന്നില്ല. ആ വാർത്ത ഇതായിരുന്നു: അന്വയ ഒരു അപകടത്തിൽ പെട്ട് ICCU വിലാണ്. അവളെ സഹായിക്കാൻ കാശ് കൊണ്ടുവരണം എന്ന് പറയാനാണ് മെമ്മോ വായിച്ചത്. അവൾ ക്ലാസിൽ ശ്രദ്ധിക്കാതെയായി. അവളുടെ മനസ്സ് അന്വയയെ ഓർത്ത് നടന്നു. വീട്ടിലെത്തി പൊട്ടിക്കരഞ്ഞു. ഭക്ഷണം കഴിക്കാതെയായി. കുറച്ചു ദിവസം കഴിഞ്ഞു. അന്വയയുടെ വിവരം ഒന്നും കിട്ടാതെയായി. അങ്ങനെ ഒരു ദിവസം രാവിലെ അവൾ പത്രം വായിക്കുമ്പോൾ അവളെ ഞെട്ടിക്കുന്ന വാർത്ത അതിൽ കണ്ടു. അന്വയ എന്ന പെൺകുട്ടി മരണപ്പെട്ടു എന്നത്. ആ വാർ ത്തയോടു കൂടി അവൾക്ക് മാനസികനില തെറ്റി. ബന്ധമില്ലാത്ത കാര്യം മാത്രം ചെയ്തു കൊണ്ടിരുന്നു. അന്വയയുടെ പേര് എല്ലായിടത്തും

എഴുതിവെക്കാൻ തുടങ്ങി. അവൾ വളരെ ദുർബലയായി. ഏതു പെൺകുട്ടിയെ കണ്ടാലും അന്വയാ എന്ന് പറഞ്ഞ് കെട്ടിപ്പിടിക്കും.


അങ്ങനെ ഒരു ദിവസം ആരും കാണാതെ അവൾ വീട്ടിൽ നിന്ന് ഇറങ്ങി. ഒരു പെൺകുട്ടിയെ കണ്ട് അന്വയ എന്ന് പറഞ്ഞ് റോഡ് മുറിച്ച് കടക്കുമ്പോൾ അവളുടെ സുഹൃ ത്തിനെ ഇടിച്ച ആ ലോറി അവളെയും ഇടിച്ചു. ആ നേരം ത ന്നെ അവൾ മരണപ്പെട്ടു. അഗാധമായ സൗഹൃദം അവളെ മ രണത്തിലേക്ക് നയിച്ചു. അവരുടെ രണ്ടുപേരുടെയും രക്ഷി താക്കൾ തകർന്നുപോയി. അവർ സൗഹൃദത്തിന്റെ വില മ നസിലാക്കി.



ദീക്ഷിത.എസ്.ദിനേശൻ


# നീല താമര

ഒരു പാഴ്നിലാവിൻ കുളിരിൽ
യെറ്റു നിൽക്കുന്ന നീലത്താമരെ...
നീയെൻെറ മാനസകൊട്ടാരത്തിലെ
പൂനിലാവിൽ കുളിക്കാൻ വന്നു ചേരുമോ
മാരിവില്ലിൻെറ മാണിക്യവീണതൻ
പുഞ്ചിരിതൂകുന്ന നിലാവിനെ നോക്കി
പാൽ പുഞ്ചിരി വിടർത്തുന്ന
താമരെ നിന്നെ ഞാൻ എൻെറ
മാനസമായൊരു പാൽനിലാവിൽ
ഒത്തു ചേരൂ...നമുക്ക് ഈ...
ആരവത്തിൽ ഒത്തുചേരാം...



രുദ്ര പി കെ

# കുട്ടികളുടെ കൂട്ടുകാരൻ



ഇന്ത്യയുടെ പ്രധമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർതാൽ നെഹ്റുവിൻെറ ജന്മദിനം നമുക്ക് ശിശുദിനമാണ്. അലഹബ്ദ്ദിലെ കാശ്മീരി പണ്ഡിറ്റ് കുടുംബത്തിൽ മോത്തിലാൽ നെഹ്റുവിൻെറയും സ്വരൂപ് റാണിയുടെയുടെയും മകനായി 1889 നവംബർ 14 നാണ് ജവഹർലാൽ നെഹ്റു ജനിച്ചത്. 17 വർഷം ഇന്ത്യയുടെ പ്രധാനമന്ത്രി പദവി അലങ്കരിച്ച നെഹ്റുശാസ്ത്രസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മുന്നേറുന്ന ഇന്ത്യയെ ലക്ഷ്യമിട്ടു. ഇതിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് വലുതാണെന്ന് അദ്ദേഹം വിശ്വസിച്ചു.

പത്തു വയസ്സുള്ള മകൾ ഇന്ദിരാപ്രിയദർശിനിക്ക് നെഹ്രു അയച്ച കത്തുകളാണ് "ഒരച്ഛൻ മകൾക്കയച്ച കത്തുകൾ"എന്ന പുസ്തകത്തിൻെറ ഇതിവൃത്തം.ലോകം ഒരു കുടുംബമാണെന്ന് ചിന്തിക്കാനും അതിനനുസൃതമായി പ്രവർത്തിക്കാനും പുസ്തകം പ്രേരകമാവുമെന്ന് ആമുഖത്തിൽ ചാച്ചാജി വിവരിക്കുന്നു.

"അമൂല്യരത്നം"എന്നാണ് ജവഹർലാൽ എന്ന അറബി വാക്കിൻെറ അർത്ഥം.ലാൽ എന്നാൽ പ്രിയപ്പെട്ടവൻ.നെഹ്റു എന്നത് യഥാർത്ഥ കുടുംബപ്പേരല്ല.നഹർ എന്നാൽ ഉർദുവിൽ തോട് എന്നാണ് അർത്ഥം. അദ്ദേഹം ഒരു തോടിൻെറ അടുത്താണ് താമസിച്ചിരുന്നത്.അങ്ങനെയാണ് അദ്ദേഹത്തിന് ആ പേര് കിട്ടിയത്. കാശ്മീരിൽ നിന്നും ഡൽഹിയിലേക്ക് കുടിയേറിപ്പാർത്ത നെഹ്രുവിൻെറ മുൻ തലമുറക്കാരിൽ രാജ്കൗൾ എന്ന വ്യക്തിയാണ് പിന്നീട് പേരിനൊപ്പം നെഹ്റു എന്ന് ഉപയോഗിക്കാൻ തുടങ്ങിയത്.അദ്ദേഹം

അക്കാലത്ത് ഉർദുവിൽ ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്.കൂടാതെ അദ്ദേഹത്തിൻെറ കല്ല്യാണക്കത്ത് പോലും

ഉർദുവിലായിരുന്നു.

എഴുത്തുകാരനെന്ന നിലയിൽ ശ്രദ്ധേയമായ രചനകൾ നടത്തിയ ആളാണ് നെഹ്റു.രാഷ്ട്രീയത്തിലുള്ള അദ്ദേഹത്തിൻെറ ഇടപ്പെടല്ലിൻെറ ഉൽപ്പന്നങ്ങളായിരുന്നു അവയിൽ ഏറെയും. ജയിലിൽ വച്ചാണ് ഏറെ കൃതികളും രചിച്ചത്.ആദ്യ കൃതി 1937 നവംബറിൽ നടത്തിയ റഷ്യാസന്ദർശനത്തിൻെറ വിവരണമായിരുന്നു.രണ്ടാമത്തെ പുസ്തകം "ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ".1930 നും 1944 നും ഇടയിലുള്ള ജയിൽ വാസക്കാലത്താണ് 'ഗ്ലിംഗസ് ഓഫ് വേൾഡ് ഹിസ്റ്ററി ഓട്ടോബയോഗ്രാഫി,ഡിസ്കവറി ഓഫ് ഇന്ത്യ എന്നീ പ്രധാന രചനകൾ നിർവഹിച്ചത്. ൽ ലണ്ടനിൽ പ്രസിദ്ധീകരിച്ച ഓട്ടോബയോഗ്രാഫി ആ വർഷം പത്ത് തവണ പുനർ പ്രസിദ്ധീകരിച്ചു.ഇന്ത്യ ഇന്നും നാളെയും എന്ന കൃതി അവസാന കൃതിയായി കരുതുന്നു.ഇന്ത്യയുടെ കഴിഞ്ഞ കാലം ഒരു ചലച്ചിത്രത്തിലെന്നപ്പോലെ വിവരിക്കുന്ന ഇന്ത്യയെ കണ്ടെത്തൽ വായനക്കാരുടെ ഉൾക്കാഴ്ച്ച വികസിപ്പിക്കും.ചരിത്രത്തെ വർത്തമാനക്കാലവുമായി ബന്ധിപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നു ഈ വിഖ്യാതഗ്രന്ഥത്തിൽ.

പനിനീർപ്പൂവിൻെറ സ്നേഹസൗരഭ്യത്തോടെ കുട്ടികളെ സ്നേഹിച്ച നേതാവാണ് ജവഹർലാൽ നെഹ്റു.തിരക്കുപിടിച്ച ജീവിത വേളയിലും കുട്ടികളെ ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും തയ്യാറായ,കുട്ടികളുടെ കൂട്ടുകാരനായിരുന്നു അദ്ദേഹം.പ്രകൃതിയും മനുഷ്യനും ഇണങ്ങി ജീവിക്കേണ്ടതിൻെറ പ്രാധാന്യം ഓർമ്മിപ്പിച്ച ചാച്ചാജിയുടെ ജന്മദിനമാണ് നവംബർ 14 അത് നമ്മൾ ശിശുദിനമായി കൊണ്ടാടുന്നു.

നിരഞ്ജന ധനഞ്ജയൻ

# എന്റെ യാത്രാവിവരണം

ഞാൻ അന്നേ ദിവസം വളരെ സന്തോഷത്തിലായിരുന്നു. അന്ന് ഫെബ്രുവരി രണ്ടിന്. അന്ന് രാത്രി 10 മണിക്ക് സ്കൂളി ൽ നിന്ന് പോയി. പുലർച്ചെ 4 മണിക്ക് മൈസൂരിൽ എത്തി. അവിടെ റൂം എടുത്ത് 2 മണിക്കൂർ ഉറങ്ങി. ഞങ്ങൾ മൈസൂർ പോവുമ്പോൾ ആകാശഗംഗ 2 കണ്ടു. 7 മണി ആകുമ്പോഴേ ക്കും എല്ലാവരും റെഡിയായി. അവിടെ നിന്ന് ഭക്ഷണം കഴിച്ചു. ആദ്യം മൈസൂർ zoo വിൽ പോയി. അവിടെ കുറെ മൃഗങ്ങളും പക്ഷികളും പാമ്പുകളും ഉണ്ടായിരുന്നു. ഞാൻ കാ ണാത്ത പലതരം മൃഗങ്ങളെയും പക്ഷികളെയും പാമ്പുകളേ യും കണ്ടു. രണ്ടാമത് മൈസൂർ കൊട്ടാരത്തിൽ (പാലസ്) പോയി. അവിടെ നിന്ന് കുറെ ഫോട്ടോകളും അന്ന് ഉപയോ ഗിച്ചിരുന്ന ആയുധങ്ങളും രാജാക്കന്മാർ ഇരുന്ന കസേരകളും കണ്ടു.

പിന്നെ പുറത്ത് പലതരത്തിലുള്ള പൂക്കൾ കണ്ടു. അവിടെ നിന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്ത് പിന്നെ റൂമിലേ ക്ക് തിരിച്ചു പോയി. അവിടെ നിന്ന് food കഴിച്ചു. പിന്നെ ടിപ്പുവിന്റെ വസ്ത്രങ്ങളും ടിപ്പു ഉപയോഗിച്ചിരുന്ന ആയുധങ്ങ ളും അന്ന് ഉപയോഗിച്ചിരുന്ന നാണയങ്ങളും പിന്നെ ടിപ്പുവി ന്റെ ഫോട്ടോയും കണ്ടു. പണ്ട് അവിടെ ശത്രുക്കളെ തടവിലി ടുന്ന തടവറയും അവരെ കൊല്ലുന്ന വിധവും പറഞ്ഞു തന്നു. ടിപ്പുവിന്റെ കൊട്ടാരത്തിന്റെ സൈഡിൽ ഒരു പുഴയുണ്ട്. അ തിലെ വെള്ളം ഡാമിലൂടെ ടിപ്പുവിന്റെ കൊട്ടാരത്തിൽ എ ത്തി. അവിടെ തടവിലുള്ള ശത്രുക്കളെ കൊന്നു. പിന്നെ ഞ ങ്ങൾ വൃന്ദാവനത്തിൽ പോയി. അവിടെ നിന്ന് ചായകുടിച്ചു. പിന്നെ വൃന്ദാവനത്തിൽ കയറി. നല്ല സ്ഥലം. കുറെ ചെടിക ളുണ്ടായിരുന്നു. അവിടെ വെള്ളത്തിന്റെ കളിയായിരുന്നു. വെള്ളത്തിൽ നിറം കലക്കിയതു പോലെ ഉണ്ടായിരുന്നു. പി ന്നെ ഞങ്ങൾ കുറെ നടന്നു. അവിടെ പാട്ടിനനുസരിച്ച് വെള്ളം ഡാൻസ് കളിക്കുന്നതും കണ്ടു. 1 മണിക്കൂർ

അവിടെ നിന്ന് സാധനങ്ങൾ വാങ്ങി. പിന്നെ ഞങ്ങൾ റൂമിലെക്ക് മ ടങ്ങി. റൂമിലെത്തി. ഭക്ഷണം കഴിച്ചു. വസ്ത്രം മാറ്റി ഉറങ്ങി.

പിറ്റേ ദിവസം ഞങ്ങൾ ഊട്ടിയിലേക്ക് പുറപ്പെട്ടു. ഞങ്ങൾ ആദ്യം ഷൂട്ടിംഗ് എടുക്കുന്ന സ്ഥലത്തേക്ക് പോയി. അവിടെ നിന്ന് കുറേ ഫോട്ടോ എടുത്തു. പിന്നെ കുറേ മര ങ്ങളുള്ള സ്ഥലത്തു പോയി. അവിടെ നിന്ന് കുറേ ഫോട്ടോ എടുത്തു. അവിടെ കുറേ കുരങ്ങുകൾ ഉണ്ടായിരുന്നു. പിന്നെ ഭക്ഷണം കഴിച്ചു. പിന്നെ ബൊട്ടാണിക്കൽ ഗാർഡനിൽ പോയി. അവിടെ നിന്ന് ഫോട്ടോ എടുത്ത് കുറേ കളിച്ചു. പിന്നെയും ഒരു മണിക്കൂർ അവിടെ നിന്ന് സാധനങ്ങൾ വാങ്ങി.പിന്നെ ക്യാമ്പ് ഫയർ കാണാൻ പോയി.അവിടെ നിന്ന് ഡാൻസ് കളിച്ചു.പിന്നെ ഭക്ഷണം കഴിച്ചു.ബസ്സിൽ കയറി വീട്ടിലേക്ക് മടങ്ങി.വരുമ്പോൾ എല്ലാവരും ഉറങ്ങിയിരുന്നു.പിറ്റേന്ന് രാവിലെ 5:30 ന് സ്കൂളിലെത്തി. 5:45 ന് ഞാൻ വീട്ടിലെത്തി. ഒരു അടിപൊളി ടൂറായിരുന്നു.

